# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/262/2017 2017 ഡിസംബർ 12

## പത്രക്കുറിപ്പ്

**ഇന്നത്തെ (ഡിസംബർ 13) മൂന്നാം സെമസ്റ്റർ പി.ജി പരീക്ഷ മാറ്റി**

മഹാത്മാഗാന്ധി സർവ്വകലാശാല ഇന്ന് (ഡിസംബർ 13) നടത്താൻ നിശ്ചയിച്ചിരുന്ന മൂന്നാം സെമസ്റ്റർ പി.ജി പരീക്ഷകൾ ബിഎസ്എൻഎൽ സമരം മൂലം മാറ്റി വച്ചു. പുതുക്കിയ തീയതി പിന്നീട്.

**എൽ എൽ ബി പരീക്ഷ**

അഫിലിയേറ്റഡ് കോളേജുകളിലെ ആറാം സെമസ്റ്റർ പഞ്ചവത്സര എൽ.എൽ.ബി., രണ്ടാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി. (കോമൺ) പരീക്ഷകൾ 2018 ജനുവരി 5 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഡിസംബർ 18 വരെയും 50 രൂപ പിഴയോടെ 19 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 21 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 100 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 20 രൂപ വീതവും (പരമാവധി 100 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിനൊപ്പം അടയ്ക്കണം.

**പ്രാക്റ്റിക്കൽ**

രണ്ടാം സെമസ്റ്റർ എംസിഎ (അഫിലിയേറ്റഡ് കോളേജുകൾ പുതിയ സ്കിം 2016 അഡ്മിഷൻ റഗുലർ/ അഫിലിയേറ്റഡ് കോളേജുകളും സ്കാസും 2011-2015 അഡ്മിഷൻ സപ്ലിമെന്ററി/ലാറ്ററൽ എൻട്രി 2016 അഡ്മിഷൻ റഗുലർ, 2013-2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ഡിസംബർ 15 മുതൽ 21 വരെ ബന്ധപ്പെട്ട കോളേജുകളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭ്യമാണ്.

**ബി.കോം (പ്രൈവറ്റ് ) സൂക്ഷ്മ പരിശോധന**

2016 ഡിസംബറിൽ നടന്ന അവസാനവർഷ ബി.കോം(പ്രൈവറ്റ്) സപ്ലിമെന്ററി, 2017 മാർച്ചിൽ നടന്ന അഞ്ചും ആറും സെമസ്റ്റർ ബി.കോം(പ്രൈവറ്റ്) എന്നീ പരീക്ഷകളുടെ സൂഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ ഡിസംബർ 18 മുതൽ 22 വരെ തീയതികളിൽ തിരിച്ചറിയൽ രേഖ സഹിതം സർവ്വകലാശാല പരീക്ഷാ ഭവനിലുള്ള 226 നമ്പർ മുറിയിലെ ഇ.ജെ 2 സെക്ഷനിൽ ഹാജരാകണം.

**പരിക്ഷാഫലം**

2017 മെയ് മാസം നടത്തിയ നാലാം സെമസ്റ്റർ എം എ ഇംഗ്ലീഷ്( സിഎസ്എസ്, റഗുലർ /സപ്ലിമെന്ററി) പരിക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യ നിർണ്ണയത്തിനും സൂഷ്മ പരിശോധനയ്ക്കും ഡിസംബർ 26 വരെ അപേക്ഷിക്കാം. പാലാ സെന്റ് തോമസ് കോളേജിലെ രേഷ്മ മറിയം ജേക്കബ്, ചെസ്ലിൻ ജോസ്, കോതമംഗലം എം.എ കോളേജിലെ ബ്രിൻസി സിറിയക്ക് എന്നിവർ യഥാക്രമം ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടി.

## ക്രിസ്മസ് അവധി

മഹാത്മാഗാന്ധി സർവ്വകലാശാല അഫിലിയേറ്റഡ് കോളേജുകൾക്കും സർവ്വകലാശാല പഠന വകുപ്പുകൾക്കും 2017 ഡിസംബർ 23 മുതൽ 2018 ജനുവരി 1 വരെ ക്രിസ്മസ് അവധിയായിരിക്കും. മന്നം ജയന്തി പ്രമാണിച്ച് ജനുവരി 2 പൊതു അവധിയായതിനാൽ ജനുവരി 3 മുതൽ കോളേജുകൾ തുറന്ന് പ്രവർത്തിക്കുന്നതാണ്.

## ബോർഡ് ഓഫ് സ്റ്റഡീസ്

മഹാത്മാഗാന്ധി സർവ്വകലാശാല വിവിധ വിഷയങ്ങളുടെ യൂ.ജി,പി.ജി ബോർഡ് ഓഫ് സ്റ്റഡീസ് പുനസംഘടിപ്പിച്ചു. വിശദമായ വിജ്ഞാപനം www.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

.

## സിൻഡിക്കേറ്റ് യോഗം

മഹാത്മാഗാന്ധി സർവ്വകലാശാല സിൻഡിക്കേറ്റിന്റെ ബഡ്ജറ്റ് യോഗം ഡിസംബർ 28-ന് രാവിലെ 10.30-ന് സർവ്വകലാശാല സിൻഡിക്കേറ്റ് ഹാളിൽ വച്ച് നടത്തുന്നതാണ്.

## എം.ജി ബോർഡ് സ്റ്റഡിസ് സംയുക്ത യോഗം

പുനസംഘടിപ്പിക്കപ്പെട്ട മഹാത്മാഗാന്ധി സർവ്വകാലാശാല യൂ.ജി ബോർഡ് ഓഫ് സ്റ്റഡിസിന്റെ സംയുക്ത യോഗം ഡിസംബർ 15-ന് രാവിലെ 10.30-നും പി.ജി ബാർഡ് ഓഫ് സ്റ്റഡിസിന്റെ സംയുക്ത യോഗം ഉച്ചകഴിഞ്ഞ് 2.30-നും സർവ്വകാലാശാല അസംബ്ലി ഹാളിൽ നടത്തും. എല്ലാ അംഗങ്ങളും പങ്കെടുക്കേണ്ടതാണ്. വിശദ വിവരങ്ങൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭ്യമാണ്.

## ഉപന്യാസ മൽസരം

മഹാത്മാഗാന്ധി സർവ്വകലാശാല യൂണിയൻ ഡിസംബർ 21 മുതൽ 21 വരെ നടത്തുന്ന സെക്കുലർ ഫെസ്റ്റിന്റെ ഭാഗമായി സർവ്വകലാശാലയിലെ കോളേജ് വിദ്യാർത്ഥികൾക്കായി ഉപന്യാസ മൽസരം നടത്തും. 'വിലങ്ങ് വിഴുന്ന സ്വാതന്ത്ര്യം' എന്നതാണ് ഉപന്യാസ വിഷയം. കോളേജ് യൂണിയന്റെ നേതൃത്വത്തിൽ മൽസരം നടത്തി, ആദ്യ മൂന്നു സ്ഥാനങ്ങളിൽ എത്തുന്ന ഉപന്യാസങ്ങൾ ഡിസംബർ 19 ന് വൈകിട്ട് 4 മണിക്ക് മുമ്പായി കോളേജ് പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രം സഹിതം സർവ്വകലാശാല യൂണിയൻ ഓഫീസിൽ സമർപ്പിക്കണം. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 5000,3000,2000 വീതം രൂപ ക്യാഷ് പ്രൈസ് ലഭിക്കും.

## എറുഡൈറ്റ് പ്രഭാഷണം

മഹാത്മാഗാന്ധി സർവ്വകലാശാല നാനോ സയൻസ് പഠന കേന്ദ്രവും സംസ്ഥാന ഹയർ എജ്യൂക്കേഷൻ കൗൺസിലും സംയുക്തമായി നടത്തുന്ന ചതുർദിന പ്രഭാഷണ പരമ്പരയിൽ സൗത്ത് ആഫ്രിക്കയിലെ, ജോഹാൻ ബർഗ് യൂണിവേഴ്സിറ്റി കെമിസ്ട്രി പ്രൊഫസർ ഡോ. സാമുവൽ ഒലുബാറ്റോയി ഒലുസാഫെയുടെ പ്രഭാഷണം സ്കൂൾ ഓഫ് കെമിക്കൽ സയൻസ് സെമിനാർ ഹാളിൽ ആരംഭിച്ചു. 'ക്വാണ്ടം ഡോട്ടുകളുടെ സാധ്യതകൾ' എന്നതാണ് പ്രഭാഷണ വിഷയം.
വിവരങ്ങൾക്ക് ഫോൺ- 8547487675

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**